**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സജി തോമസിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1080/2018/തസ്വഭവ — തീയതി, തിരുവനന്തപുരം, 17.04.2018

---

പരാമർശം:
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.2016-ലെ ഇ 6(എസ്.സി.08/2016/ഐ.ഡി.കെ.)42118/2015 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 21.07.2016-ലെ 6566/ഡി3/2016/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 03.09.2016-ലെ ഇപിബി2/191/2016/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. സജി തോമസ് സമർപ്പിച്ച 14.02.2017-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 13.09.2017-ലെ ഡി8-42648/2016 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറിയപ്പോൾ പുതിയ ഫർണിച്ചർ വാങ്ങുകയും എന്നാൽ മുമ്പ് ഉപയോഗിച്ചിരുന്ന ലക്ഷക്കണക്കിന് രൂപ വിലവരുന്ന ഫർണിച്ചർ ഇപ്പോഴത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് മുൻ പ്രസിഡന്റായ ശ്രീമതി. ഉഷാ ഗോപിനാഥും കൂടി കടത്തിക്കൊണ്ടുപോയി എന്നും മുമ്പ് ഉപയോഗിച്ചിരുന്ന സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ല എന്നുമുള്ള ആരോപണത്തെത്തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അറക്കുളം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. അന്വേഷണത്തിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. 2007-08 ന് മുമ്പുള്ള സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല.
2. പഴയ പഞ്ചായത്തിലെ കോൺഫറൻസ് ഹാളിൽ അനധികൃതമായി പഴയ ഫർണിച്ചർ കൂട്ടിയിട്ടിരിക്കുന്നു.
3. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഉള്ള ഫർണിച്ചറുകൾക്ക് കൃത്യമായ രേഖയില്ല.
4. ഓഫീസിൽ നിലവിൽ ഉപയോഗിക്കുന്ന ചില ഫർണിച്ചറുകളും സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ലാത്തതാണ്
5. കമ്മ്യൂണിറ്റി ഹാളിനോട് ചേർന്നുള്ള റൂമിൽ 9 പഴയ സ്ട്രീറ്റ് ലൈറ്റുകളും കമ്മ്യൂണിറ്റി ഹാളിന് വലതു വശത്ത് 40, 60, 100 എന്നീ വാട്ടുകളിലുള്ള രണ്ടായിരത്തോളം ഫിലമെന്റ് ബൾബുകളും ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.
6. വിവരാവകാശ നിയമ പ്രകാരം ശ്രീ. തുളസീധരൻ നായർ ഉന്നയിച്ചിട്ടുള്ള പരാതികൾക്ക് കൃത്യമായി മറുപടി നൽകിയില്ല.

മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സജി തോമസിന് പരമർശം (3) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ പ്രതിവാദപത്രികയിൽ താൻ 08.12.2011 മുതൽ

30.08.2016 വരെയാണ് അറക്കുളം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചതെന്നും പരാതിക്കാരനായ ശ്രീ. തുളസീധരൻ നായർ വിവരാവകാശ നിയമം പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന് ഇതു സംബന്ധിച്ച് പരാതി ഉണ്ടായിരുന്നുവെങ്കിൽ അപ്പീൽ അധികാരിയെ അറിയിക്കാമായിരുന്നുവെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. താൻ അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചപ്പോൾ 2007-08 മുതലുള്ള സ്റ്റോക്ക് രജിസ്റ്ററുകളേ അന്ന് പഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളൂവെന്നും, പഴയ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ പഴയ രജിസ്റ്ററുകളും ഫയലുകളും സൂക്ഷിക്കുന്ന അലമാരകൾ കോൺഫറൻസ് ടേബിൾ എന്നിവ ചാർജെടുക്കുമ്പോൾ തന്നെ ഉണ്ടായിരുന്നതാണെന്നും പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലുള്ള ഫർണ്ണീച്ചറുകൾക്ക് കൃത്യമായ രേഖകളുണ്ടെന്നും, 2007-08-ലെ സ്റ്റോക്ക് രജിസ്റ്റർ 66, 67 പേജുകളിൽ ചേർത്തിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ വശങ്ങളിലുള്ള റൂമിൽ പഴയതും ഉപയോഗ ശൂന്യമായ സ്ട്രീറ്റ് ലൈറ്റുകളും ബൾബുകളുമാണ് ഉള്ളതെന്നും ഇത് വളരെ വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്നതാണെന്നും ടിയാൻ തന്റെ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്

ശ്രീ. സജി തോമസ് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. 2007-08-നു മുമ്പുള്ള സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല എന്ന ആരോപണം സംബന്ധിച്ച് അന്വേഷിച്ചതിൽ ശ്രീ. സജി തോമസ് 08.12.2011-ലാണ് അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചതെന്നും ടിയാൻ ടി പഞ്ചായത്തിൽ ചുമതലയേറ്റപ്പോൾ മുതൽ 2007-08-നു മുമ്പുള്ള സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ ലഭ്യമായിരുന്നില്ല എന്ന ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഴയ പഞ്ചായത്തിലെ കോൺഫറൻസ് ഹാളിൽ അനധികൃതമായി പഴയ ഫർണിച്ചർ കൂട്ടിയിട്ടിരിക്കുന്നു എന്ന ആരോപണം സംബന്ധിച്ച് 15 അടി നീളവും 5 അടി വീതിയുമുള്ള കോൺഫറൻസ് ടേബിൾ, 2 സ്റ്റീൽ റാക്ക്, 2 തടി അലമാര, 1 തടി റാക്ക്, 11 സ്റ്റീൽ അലമാര എന്നിവ അലക്ഷ്യമായി കിടക്കുന്നു എന്ന് കണ്ടതായും ടിയാൻ ജോലിയിൽ പ്രവേശിക്കുമ്പോൾ ഫർണിച്ചറുകൾ ഉണ്ടെന്ന കാര്യം അറിയില്ലായിരുന്നുവെന്ന് ബോധിപ്പിച്ചിട്ടുള്ളതായും, എങ്കിലും ഉപയോഗ്യശൂന്യമായ ഫർണിച്ചറുകൾ നിയമാനുസരണം ലേലം നടത്തി പഞ്ചായത്തിൽ മുതൽ കൂട്ടാമായിരുന്നുവെന്നും അങ്ങനെ ചെയ്യാത്തത് ടിയാന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള വീഴ്ചയാണെന്നും കൂടാതെ 2015-16 സേവാഗ്രാം പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ 12 സ്റ്റീൽ മേശ, 12 എക്സിക്യൂട്ടീവ് ടേബിൾ, 375 പ്ലാസ്റ്റിക് കസേര എന്നിവ വിതരണം ചെയ്യാതെ സൂക്ഷിച്ചിരുന്നുവെന്ന് കണ്ടെത്തിയിട്ടുള്ളതായും അത് ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലുള്ള ഫർണിച്ചറുകൾക്ക് കൃത്യമായ രേഖയില്ല എന്ന് ആരോപണം സംബന്ധിച്ച് അന്വേഷിച്ചതിൽ 2015-16 ൽ വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലെ ഫർണിച്ചറുകൾ 2013-14 ലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഫീസിൽ നിലവിൽ ഉപയോഗിക്കുന്ന ചില ഫർണിച്ചറുകളും സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ലാത്തതാണെന്ന ആരോപണം സംബന്ധിച്ച്, ചില ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാളിനോട് ചേർന്നുള്ള റൂമിൽ 9 പഴയ സ്ട്രീറ്റ് ലൈറ്റുകളും കമ്മ്യൂണിറ്റി ഹാളിന് വലതു വശത്ത് 40, 60, 100 എന്നീ വാട്ടുകളിലുള്ള രണ്ടായിരത്തോളം ഫിലമെന്റ് ബൾബുകളും ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു എന്ന ആരോപണം സംബന്ധിച്ച് ഇത്തരത്തിലുള്ള വൈദ്യുതോപകരണങ്ങൾ സൂക്ഷിച്ചിട്ടുള്ളത് അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവരാവകാശ നിയമ പ്രകാരം ശ്രീ. തുളസീധരൻ നായർ ഉന്നയിച്ചിട്ടുള്ള പരാതികൾക്ക് കൃത്യമായി മറുപടി നൽകിയില്ല എന്ന ആരോപണം നിലനിൽക്കുന്നതല്ലെന്നും മറുപടി ബോധ്യപ്പെടാത്ത പക്ഷം ടിയാന് അപ്പീൽ നൽകാമായിരുന്നുവെന്നും എന്നാൽ അത്തരത്തിലൊരു റിപ്പോർട്ട് നാളിതുവരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ചിട്ടില്ലാത്തതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. സജി തോമസിനു നല്കിയ കുറ്റാരോപണ പത്രികയിലെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഉള്ള ഫർണിച്ചറുകൾക്ക് കൃത്യമായ രേഖയില്ല, ഓഫീസിൽ നിലവിൽ ഉപയോഗിക്കുന്ന ചില ഫർണിച്ചറുകളും സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ലാത്തതാണ് എന്നീ കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ

സാഹചര്യത്തിൽ ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. സജി തോമസ്, മുൻ സെക്രട്ടറി, അറക്കുളം ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (17.01.2018-ലെ വിജി. ഡി3/371/2017 നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/191/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ